STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.38/PR/SPMC/PHQ/2024 Date:18.06.2024

## തുടർപഠനം ഇനി പോലീസിന്റെ മേൽനോട്ടത്തിൽ; രജിസ്ട്രേഷൻ ജൂലൈ 15 വരെ

എസ്.എസ്.എൽ.സി, പ്ലസ്ടു പഠനം പാതിവഴിയിൽ മുടങ്ങിയവർക്കും ഇക്കഴിഞ്ഞ പൊതു പരീക്ഷയിൽ പരാജയപ്പെട്ടവർക്കും സൗജന്യമായി തുടർ പഠനം സാധ്യമാക്കുന്ന കേരള പോലീസിന്റെ 'ഹോപ്പ്' പദ്ധതിയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

പഠനം പൂർത്തിയാക്കാൻ കഴിയാത്ത 18 വയസ്സിൽ താഴെയുള്ളവർക്ക് അതതു ജില്ലയിലെ കേന്ദ്രങ്ങളിൽ സൗജന്യ പരിശീലനം നൽകും. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 15. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി 9497900200 എന്ന നമ്പരിൽ ബന്ധപ്പെടാം.

കഴിഞ്ഞ നിരവധി വർഷങ്ങളായി വിദഗ്ദ്ധരായ അധ്യാപകരുടെ ക്ലാസുകളിലൂടെയും മെന്ററിങ്, മോട്ടിവേഷൻ പരിശീലനങ്ങളിലൂടെയും കുട്ടികളെ വിജയത്തിലേയ്ക്ക് നയിച്ച കേരള പോലീസിന്റെ ജനപ്രിയ പദ്ധതിയാണ് ഹോപ്പ്.

**********************